CLT:CLT.qxd 8/19/2026 10:43 PM Page 1

നാളെ വൈദ്യുതി മുടങ്ങും

കോഴിക്കോട്: ഉണ്ണികുളം സെക്ഷൻ കാപ്പിയിൽ, പനയംകണ്ടി എന്നീ പ്രദേശങ്ങളിൽ പൂർണ്ണമായും രാവിലെ 08:30 മുതൽ വൈകിട്ട് 05:30 വരെ നാളെ വൈദ്യുതി മുടങ്ങും.

റെമിനിസൻസ് 30ന്

കോഴിക്കോട്: കെ.എം.സി.ടി കോളജ് ഓഫ് ഫാർമസി മെഗാ അലുമിനി മീറ്റ് റെമിനിസൻസ് 2026 ഈമാസം 30 ന് കോളജ് ക്യാംപസിൽ നടക്കും. രാവിലെ ഒൻപതിന് ഇൻസ്റ്റിറ്റിയൂഷൻ ഡയരക്ടർ ആയിഷ നസ്റിൻ ഉദ്ഘാടനം ചെയ്യും. 1996 മുതലുള്ള വിവിധ ബാച്ചിലെ പൂർവ വിദ്യാർഥികൾ അധ്യാപകരുമായും ബന്ധം പുതുക്കുന്നതിനും ഓർമകൾ പങ്കുവെയ്ക്കുന്നതിനും മീറ്റ് വേദിയാകും. വാർത്താസമ്മേളനത്തിൽ കോളജ് പ്രിൻസിപ്പൽ ഡോ.കെ.സുജിത് വർമ, കെ.എസ്.നിഷിത ചന്ദ്രൻ, ജെസ്ന ജെയിംസ് എന്നിവർ പങ്കെടുത്തു.

യാത്രയപ്പ് നൽകി

മുക്കം: പത്തൊൻപത് വർഷത്തെ സേവനത്തിന് ശേഷം അംഗൻവാടി ടീച്ചറായി പ്രമോഷൻ ലഭിച്ച് സ്ഥലം മാറി പോവുന്ന ബിന്ദുവിന് ചെറുവാടി താഴത്ത് മുറി നിവാസികൾ യാത്രയയപ്പ് നൽകി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി. കവിത ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ കസ്ന ഹമീദ് അധ്യക്ഷത വഹിച്ചു. സി.ഡി.പി.ഒ. പ്രസന്ന മുഖ്യ പ്രഭാഷണം നടത്തി. പഞ്ചായത്ത് മെമ്പർമാരായ മെമ്പർമാരായ പ്രേമ കോട്ടമ്മൽ, ഷീജ, അംഗൻവാടി ടീച്ചർ ജമീല, കുഞ്ഞോയി, സുഹറ വെള്ളങ്ങോട്ട്, ഗുലാം ഹുസൈൻ, അഷ്റഫ്കൊളക്കാടൻ, മോയിൻ ബാപ്പു, കുട്ടാപ്പി, മൻസൂർ, സൽമാൻ, ഗഫൂർ എന്നിവർ സംസാരിച്ചു.

നഗരത്തിൽ ഇന്നുമുതൽ ഗതാഗത നിയന്ത്രണം

കോഴിക്കോട്: കോഴിക്കോട് നഗരത്തിലെ പ്രധാന പാതകളിലും ജങ്ഷനുകളിലും ഗതാഗതം സുഗമമാക്കുന്നതിന്റെ ഭാഗമായി ഓഗസ്റ്റ് 20 മുതൽ 31 വരെ കർശന ഗതാഗത നിയന്ത്രണങ്ങളും പാർക്കിങ് നിരോധനവും ഏർപ്പെടുത്തി പോലീസ്. ഓണത്തോടനുബന്ധിച്ചുള്ള തിരക്ക് കണക്കിലെടുത്താണ് പോലീസിന്റെ നടപടി. എമർജൻസി വാഹനങ്ങൾ ഒഴികെയുള്ളവയ്ക്ക് പാർക്കിങ് അനുവദിക്കില്ല. നിർദേശങ്ങൾ ലംഘിക്കുന്ന വാഹനങ്ങൾ ലോക്ക് ചെയ്യുകയോ ക്രെയിൻ ഉപയോഗിച്ച് മാറ്റി ഉടമയിൽ നിന്ന് തുക ഈടാക്കുകയും പിഴ ചുമത്തുകയും ചെയ്യുമെന്ന് സിറ്റി പോലീസ് കമ്മീഷണർ എ.പി.ഷൗക്കത്തലി അറിയിച്ചു.

ബസ് സ്റ്റോപ്പുകൾ, ജങ്ഷനുകൾ, വളവുകൾ, ഫുട്പാത്തുകൾ എന്നിവിടങ്ങളിലാണ് പാർക്കിങ് പൂർണ്ണമായും നിരോധിച്ചത്. വ്യാപാരികൾ സ്ഥാപനങ്ങൾക്കു മുന്നിൽ വാഹനങ്ങൾ ഗതാഗത തടസമുണ്ടാക്കുന്നില്ലെന്ന് ഉറപ്പാക്കണം. ഫുട്പാത്തിലൂടെ ഓടിക്കുന്ന വാഹനങ്ങൾ കസ്റ്റഡിയിലെടുക്കും. രാവിലെ 8.00 മുതൽ രാത്രി 11.00 വരെ വലിയ വാഹനങ്ങൾക്ക് നഗരത്തിലേക്ക് പ്രവേശനമില്ല. പാളയം പൂന്താനം ജങ്ഷനിൽ രാവിലെ 8.00 മുതൽ രാത്രി 10.00 വരെ യാതൊരു വിധ പാർക്കിങ്ങോ കച്ചവടങ്ങളോ അനുവദിക്കില്ല.

മാർക്കറ്റിലേക്ക് ലോറികൾക്ക് കയറാനും ഇറങ്ങാനും അനുമതിയുണ്ടാകില്ല. പൂന്താനം ഭാഗത്ത് രാത്രി സർവീസ് നടത്തുന്ന ഇന്റർ സ്റ്റേറ്റ് ബസുകൾ വൈകുന്നേരം 05 മണിക്ക് ശേഷം ഒരേ സമയം രണ്ട് ബസുകൾ മാത്രമേ പാർക്ക് ചെയ്യാവൂ. ആളുകളെ കയറ്റുന്നതും ഇറക്കുന്നതും നിശ്ചിത കേന്ദ്രങ്ങളിൽ മാത്രമായിരിക്കണം. ബസുകൾ നിശ്ചിത സ്റ്റോപ്പുകളിൽ മാത്രം റോഡരികിലേക്ക് ചേർത്ത് നിർത്തി ആളുകളെ കയറ്റണം. ഓട്ടോറിക്ഷകൾ അനുവദിച്ച സ്റ്റാന്റുകളിൽ മാത്രമേ നിർത്തിയിടാവൂ. മാവൂർ റോഡ് പുതിയ സ്റ്റാന്റ് ബസ് ബേയ്ക്ക് മുൻവശവും കെ.എസ്.ആർ.ടി.സി സ്റ്റാന്റിന് എതിർവശവും ഓട്ടോകൾ നിർത്തിയിടാൻ പാടില്ല.

ലൈസൻസുള്ള തട്ടുകടകളും ഉന്തുവണ്ടികളും അനുവദിക്കപ്പെട്ട സ്ഥലങ്ങളിൽ മാത്രം പ്രവർത്തിക്കണം. അനധികൃത കച്ചവടങ്ങൾക്കെതിരെ കർശന നടപടിയുണ്ടാകുമെന്നും പോലീസ്. പൊതുജനങ്ങൾ റോഡ് മുറിച്ചുകടക്കാൻ സീബ്രാ ക്രോസിങ്ങുകൾ മാത്രം ഉപയോഗിക്കണം. ട്രാഫിക് സിഗ്നലുകളിലും മറ്റ് സ്ഥലങ്ങളിലും തുടർച്ചയായി വാഹനങ്ങൾ പോകുമ്പോൾ റോഡ് മുറിച്ചു കടക്കരുത്. ഡിജിറ്റൽ ക്യാമറകൾ, ഡ്രോണുകൾ എന്നിവ വഴി നിയമലംഘനങ്ങൾ കണ്ടെത്തി പിഴ ഈടാക്കും. പ്രധാന ജങ്ഷനുകളിൽ ഉച്ചഭാഷിണി വഴി അറിയിപ്പുകൾ ഉണ്ടാകും. അടിയന്തര സാഹചര്യങ്ങളിൽ വാഹനങ്ങൾ വഴി തിരിച്ചുവിടാൻ പ്രത്യേക ക്രമീകരണങ്ങൾ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് നഗരത്തിലേക്ക് സ്വകാര്യ വാഹനങ്ങളിൽ (കാർ, ജീപ്പ് മുതലായവ) ഒറ്റയ്ക്ക് എത്തുന്നവർ പരമാവധി പൊതുഗതാഗത മാർഗങ്ങൾ ഉപയോഗപ്പെടുത്തണമെന്നും, ഒരുമിച്ച് പൂളിങ് രീതിയിൽ (വാഹനങ്ങൾ പങ്കിട്ടുകൊണ്ട്) യാത്ര ചെയ്യുന്നത് ഉചിതമായിക്കുമെന്നും, ഗതാഗതക്കുരുക്ക് കുറക്കുന്നതിനായി പൊതുജനങ്ങൾ ഈ നിർദേശം സ്വമേധയാ പാലിച്ചുകൊണ്ട് സഹകരിക്കണമെന്നും കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

വാഹനഗതാഗതകുരുക്കുകാരണം കുറെ ദിവസങ്ങളായി യാത്രക്കാർ നട്ടംതിരിയുന്നത് പരിഗണിച്ചതാണ് പോലീസ് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. അനധികൃതപാർക്കിങ്ങും സ്വകാര്യ ബസുകളുടെ മത്സരോട്ടവും നഗരത്തിൽ വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ട്രാഫിക് പോലീസ് റോഡിലിറങ്ങിയാൽ ഗതാഗതകുരുക്കുവർധിക്കുന്നെന്ന പരാതി ഉയരുന്നതിനിടെയാണ് ഈ ഓണതിരിക്ക് കാലത്ത് ചില ഗതാഗത പരിഷ്കാരങ്ങൾ നടപ്പാക്കുന്നത്.

● മികച്ച വിദ്യാർഥി കർഷകനായി തെരഞ്ഞെടുക്കപ്പെട്ട ഫാറക് ലീതിനെ കൂത്താളി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ഉമ്മർ തണ്ടോറ ആദരിക്കുന്നു.

നവീന കൃഷിരീതി പരീക്ഷിച്ച മികച്ച വിദ്യാർഥി കർഷകന് ആദരം

പേരാമ്പ്ര: നവീന കൃഷിരീതി പരീക്ഷിച്ച മികച്ച വിദ്യാർത്ഥികർഷകന് ആദരം. ഡ്രാഗൺ ഫ്രൂട്ടും ഗാക്ഫ്രൂട്ട് കൃഷിയും പരീക്ഷിച്ച വിദ്യാർഥി കർഷകൻ ഫാറക് ലീത് കൂത്താളി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ഉമ്മർ തണ്ടോറയിൽ നിന്ന് കർഷകദിനത്തിൽ അവാർഡ് ഏറ്റുവാങ്ങി. കിഴക്കൻ പേരാമ്പ്ര നിടുളി റഷീദ് ഫസീല ദമ്പതികളുടെ മകനും പേരാമ്പ്ര ഹയർസെക്കന്ററി സ്കൂൾ പ്ലസ്ടു വിദ്യാർഥിയുമാണ് ഫാറക് ലീത്. കുറഞ്ഞ സ്ഥലത്ത് കൂടുതൽ വരുമാനം നേടിതരുന്ന രീതിയിലാണ് ഇരുപതോളം സെന്റ് സ്ഥലത്ത് ഫാറക് ഇന്റഗ്രേറ്റഡ് ഡ്രാഗൺ ഫ്രൂട്ടും ഗാക്ഫ്രൂട്ട് കൃഷിയും പരീക്ഷിച്ചത്. പഠനത്തോടൊപ്പം നിത്യവ്യായാമമെന്ന നിലയിൽ സ്വന്തമായി കൃഷിയിടം ഒരുക്കി പരിപാലിക്കുകയായിരുന്നു.താരതമ്യേന മധുരമുള്ള ഡ്രാഗൺ തൈകളും അത്യുഷ്ണം നേരിടാൻ പന്താലയൊരുക്കിയ പോഷകകലവറയായ ഗാക്ക് കൃഷിയും വിളവെടുക്കാൻ തുടങ്ങിയതായും ഫാറക് പറഞ്ഞു. തുടക്കത്തിൽ ചൂട് കൂടിയ സ്ഥലങ്ങളിൽ പന്തൽ ഗുണം ചെയ്യുമെങ്കിലും ഡ്രാഗൺ വളർന്നാൽ വെയിലേറെ ലഭിക്കുന്നത് ഗുണം ചെയ്യുമെന്നാണ് ഫാറകിന്റെ അനുഭവം. കിലോയ്ക്ക് ആയിരം രൂപ വിലയുള്ള ഗാക്കും ഡിമാന്റ് ഏറെയുള്ള ഡ്രാഗൺ ഫ്രൂട്ടും പുരയിട കൃഷിയാക്കിയാൽ ഏതൊരു കുടുംബത്തിനും വരുമാനത്തിൽസ്വയം പര്യാപ്തത കൈവരിക്കാനാവും. അതിനൂതന ട്രെല്ലീസ് മെത്തേഡിൽ നാനൂറോളം ശ്രീലങ്കൻ റഡ് ഇനം ഡ്രാഗൺ തൈകൾ പഴം ലഭിച്ചു തുടങ്ങിയതായും പറഞ്ഞു. പച്ചയായി സാമ്പാറിലും പഴമായാൽ മറ്റ് ഫ്രൂട്ടുകൾക്കൊപ്പം ജ്യൂസിനുമുപയോഗിക്കാവുന്നതും മെഡിസിൻ ആവാശ്യത്തിനും ഉപയോഗിച്ച് വരുന്ന പഴമാണ് ഗാക്ക് ഫ്രൂട്ട്.

കാട്ടാന വ്യാപകമായി കൃഷി നശിപ്പിച്ചു

മുക്കം: കാട്ടാന കൃഷിയിടത്തിലിറങ്ങി വിളയാട്ടം നടത്തി വ്യാപകമായി കൃഷി നശിപ്പിച്ചു. തുഷാരഗിരി വട്ടച്ചിറ ടോമി ഇല്ലിമൂട്ടിലിന്റെ കൃഷിഭൂമിയിൽ കാട്ടാന ഇറങ്ങിയത്. തെങ്ങ്, വാഴ, കവുങ്ങ്, കൊക്കോ എന്നീ വിളകളാണ് കഴിഞ്ഞ രാത്രി കാട്ടാനക്കൂട്ടം ഇറങ്ങി നശിപ്പിച്ചത്.

● പരപ്പുപാറയിൽ കിണറുള്ളപറമ്പിൽ ശശീന്ദ്രന്റെ മതിൽ പൊളിച്ചു നീക്കിയ ഭാഗം കെ.എം അഭിജിത്ത് എം.എൽ.എ സന്ദർശിക്കുന്നു.

ഇരുട്ടിന്റെ മറവിൽ തകർത്ത മതിൽ കാണാൻ എം.എൽ.എ എത്തി

നാദാപുരം: ഇരുട്ടിന്റെ മറവിൽ വാണിമേൽ പരപ്പുപാറയിൽ കഴിഞ്ഞ ദിവസം അജ്ഞാതർ പൊളിച്ചുമാറ്റിയ കിണറുള്ള പറമ്പിലെ ശശീന്ദ്രന്റെ വീട്ടുമതിൽ കാണാൻ കെ.എം അഭിജിത്ത് എം.എൽ.എ ശശീന്ദ്രന്റെ വീട്ടിലെത്തി. കോൺക്രീറ്റ് റോഡിനോട് ചേർന്നു പണിത മതിലാണ് രാത്രി വൈകിയ നേരത്ത് അജ്ഞാതർ പൊളിച്ചു നീക്കിയത്. യൂത്ത് കോൺഗ്രസ് നിയോജക മണ്ഡലം പ്രസിഡന്റ് അനസ് നങ്ങാണ്ടി, മണ്ഡലം കോൺഗ്രസ് പ്രസിഡന്റ് എൻ.കെ മുത്തലിബ്, വയലിൽ രവീന്ദ്രൻ, ഷാജഹാൻ പരപ്പുപാറ തുടങ്ങിയവർ എം.എൽ.എക്ക് ഒപ്പമുണ്ടായിരുന്നു.

ആക്മാൻസ് 26 നാളെ

കോഴിക്കോട്: ഡൽഹി ആസ്ഥാനമായുള്ള സന്നദ്ധ സംഘടനയായ ആക്മാൻസിന്റെ(ഏഷ്യൻ കൗൺസിൽ ഫോർ മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോസയൻസ്)ന്റെ നേതൃത്വത്തിൽ ആക്മാൻസ് 26 പരിപാടി നാളെ കോഴിക്കോട് ടിയാരയിൽ നടക്കും. വൈകിട്ട് ഏഴിന് എം.കെ രാഘവൻ എം.പി ഉദ്ഘാടനം നിർവഹിക്കും. മാനസികാരോഗ്യ രംഗത്ത് വ്യക്തികളെയും സമൂഹത്തെയും ശാക്തീകരിക്കുക എന്ന ദൗത്യവുമായി പ്രവർത്തിക്കുന്ന സംഘടനയാണിത്. അക്കാദമിക പരിശീലനവും പൊതുജന പങ്കാളിത്തവും സമന്വയിപ്പിച്ച് മാനസികാരോഗ്യ മേഖലയിൽ വലിയൊരു മാറ്റത്തിന് നേതൃത്വം നൽകുക എന്നതാണ് ആക്മാൻസിന്റെ ലക്ഷ്യം. വാർത്താസമ്മേളനത്തിൽ ആക്മാൻസ് സി.ഇ.ഒ പി.എ ഫസലുൽ ഹഖ് , അബ്ദുൾ ഷുക്കൂർ , ഷറഫുദ്ദീൻ കടമ്പോട്ട് പങ്കെടുത്തു.

അശരണരുടെ ഓണം നിറമാക്കാൻ കൈത്താങ്ങായി പത്താം ക്ലാസുകാരി തീർത്ഥ

■ കരുണൻ വൈകുണ്ഠം
ബാലുശേരി

നാടും നഗരവും ഓണത്തെ വരവേൽക്കാനുള്ള ഒരുക്കത്തിലാണ്. പുതുവസ്ത്രങ്ങളും വിഭവസമൃദ്ധമായ സദ്യയുമൊക്കെയായി വീടുകൾ ആഘോഷത്തിന്റെ നിറത്തിലേക്ക് കടക്കുമ്പോൾ, ഓണക്കോടി പോലും വാങ്ങാൻ കഴിയാത്ത അഗതികൾക്കും അശരണർക്കും വേണ്ടി വസ്ത്രങ്ങളും ഭക്ഷണവും ശേഖരിക്കുന്ന തിരക്കിലാണ് പത്താം ക്ലാസ് വിദ്യാർഥിനിയായ തീർത്ഥ. മദ്യനിരോധന പ്രസ്ഥാനത്തിന്റെ സജീവ പ്രവർത്തകനും ലഹരിക്കെതിരായ പോരാട്ടത്തിലെ മുൻനിര സാന്നിധ്യവുമായ ഭരതൻ പുത്തൂർവട്ടത്തിന്റെയും കൂട്ടാലിട സ്വദേശിനിയും ഇരുപത് വർഷമായി ജീവകാരുണ്യ പ്രവർത്തനരംഗത്ത് സജീവയുമായ സുഷമയുടെയും മകളാണ് തീർത്ഥ.

നാലാം ക്ലാസ് മുതൽ അമ്മയോടൊപ്പം കർമരംഗത്തിറങ്ങിയ തീർത്ഥ ഇന്ന് നിസ്വാർത്ഥ സേവനത്തിന്റെ നിറസാന്നിധ്യമായി മാറിയിരിക്കുകയാണ്. സ്കൂൾ പഠനകാലത്ത് തന്നെ ആദിവാസി കോളനികളിൽ പുസ്തകങ്ങളും വസ്ത്രങ്ങളും വിതരണം ചെയ്യുന്നതിന് തീർത്ഥ നേതൃത്വം നൽകി. നിർധന കുടുംബങ്ങൾക്കും കിടപ്പുരോഗികൾക്കും മരുന്നും വസ്ത്രവും ഭക്ഷ്യധാന്യക്കിറ്റുകളും എത്തിക്കുന്ന പ്രവർത്തനങ്ങളിലും സജീവമാണ്. ആവശ്യക്കാരുടെ വീടുകളിലെത്തി കഴിയുന്ന സഹായം നൽകുന്നതാണ് പതിവ്. അമ്മ സുഷമയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളാണ് തീർത്ഥയുടെ സേവന മനസിനെ വളർത്തിയത്.

മറ്റുള്ളവരുടെ വേദന തിരിച്ചറിയാനും കഴിയുന്ന വിധത്തിൽ കൈത്താങ്ങാകാനും ചെറുപ്പത്തിലേ പഠിച്ച തീർത്ഥ, ജീവകാരുണ്യ പ്രവർത്തനമാണ് തന്റെ വഴിയെന്ന് തീരുമാനിച്ചിരിക്കുകയാണ്. ഈ സേവന പ്രവർത്തനങ്ങൾക്ക് അംഗീകാരങ്ങളും തീർത്ഥയെ തേടിയെത്തിയിട്ടുണ്ട്. വിദ്യാർഥികളിലെ മികച്ച ജീവകാരുണ്യ പ്രവർത്തനത്തിന് ഹ്യൂമൻ റൈറ്റ്സ് ഫൗണ്ടേഷൻ ഏർപ്പെടുത്തിയ അംഗീകാരവും ഇന്ത്യൻ ജീവകാരുണ്യ ചാരിറ്റബിൾ ട്രസ്റ്റിന്റെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. കൂടാതെ പ്രാദേശിക തലത്തിലും നിരവധി അംഗീകാരങ്ങൾ സ്വന്തമാക്കി.ലഹരിക്കെതിരായ സമരപോരാട്ടത്തിലും തീർത്ഥ മുൻപന്തിയിലുണ്ട്. പഠനത്തോടൊപ്പം സമൂഹത്തിനായി സമയം മാറ്റിവയ്ക്കുന്ന ഈ കൊച്ചുമിടുക്കി, ആഘോഷങ്ങൾക്കിടയിലും അശരണരുടെ മുഖത്തെ പുഞ്ചിരിയാണ് തന്റെ സന്തോഷമായി കാണുന്നത്.

ഓണം എല്ലാവർക്കും സന്തോഷത്തിന്റെയും സമൃദ്ധിയുടെയും ആഘോഷമാണ്. എന്നാൽ, ഒരു പുതുവസ്ത്രത്തിനോ ഒരു നേരത്തെ ഭക്ഷണത്തിനോ പോലും മറ്റുള്ളവരെ ആശ്രയിക്കേണ്ടിവരുന്നവരുടെ ഓണം മറക്കരുതെന്ന സന്ദേശമാണ് തീർത്ഥയുടെ പ്രവർത്തനം നൽകുന്നത്. സ്വന്തം സന്തോഷത്തിനപ്പുറം മറ്റൊരാളുടെ സന്തോഷം കൂടി കാണാൻ കഴിയുന്ന മനസ് അതാണ് തീർത്ഥയുടെ ഏറ്റവും വലിയ സമ്പത്ത്. പ്രായം ചെറുതെങ്കിലും കാരുണ്യത്തിന്റെ കാര്യത്തിൽ അവൾ നൽകുന്ന മാതൃക വലുതാണ്.

● സ്വന്തം ഓണാഘോഷത്തിനൊപ്പം അശരണരുടെ ഓണവും നിറമാക്കാൻ ഓണക്കോടി ശേഖരിക്കുന്ന തീർത്ഥ.

നാൽപത് ലക്ഷം രൂപയുടെ സേവന പ്രവർത്തനവുമായി സിയസ്കൊ

കോഴിക്കോട്: സിയസ്കൊ സീനിയർ സിറ്റിസൺസ് ഫോറം നാൽപത് ലക്ഷം രൂപയുടെ സേവന പ്രവർത്തനം നടത്തുമെന്ന് നാൽപ്പത്തിമൂന്നാമത് വാർഷിക ജനറൽ ബോഡി പ്രഖ്യാപിച്ചു. കഴിഞ്ഞവർഷം 200 സ്ത്രീ പുരുഷൻമാർക്ക് മാസത്തിൽ 1100 രൂപപ്രകാരം പെൻഷൻ കൊടുക്കുന്നത് ഉൾപ്പെടെ 30 ലക്ഷം രൂപയാണ് ചിലവഴിച്ചത്.

● പി.എം മുഹമ്മദലി (പ്രസിഡന്റ്)

● എം.എം അബൂബക്കർ (സെക്രട്ടറി)

പി.എം മുഹമ്മദലി അധ്യക്ഷത വഹിച്ചു. സിയസ്കൊ പ്രസിഡന്റ് അഡ്വ. പി.എൻ റഷീദലി, പി.വി അബ്ദുല്ല കോയ, എം. അബ്ദുൽ ഗഫൂർ, വി. നജീബ്, അഡ്വ. എ. ഹാരിസ്, സി.എ ഉമ്മർ കോയ, സിയസ്കൊ ജനറൽ സെക്രട്ടറി പി.എൻ വലീദ് തുടങ്ങിയവർ സംസാരിച്ചു. റിപ്പോർട്ട് സെക്രട്ടറി എം.എം അബൂബക്കറും വരവ് ചെലവ് കണക്ക് ട്രഷറർ പൂഴിത്തറ കോയയും അവതരിപ്പിച്ചു.

സെക്രട്ടറി എം.എം അബൂബക്കർ സ്വാഗതവും എഞ്ചി. പയനിങ്ങൽ അബൂബക്കർ നന്ദിയും പറഞ്ഞു. 26-27 വർഷത്തെ ഭാരവാഹികൾ, പി.എം. മുഹമ്മദലി (ചെയർമാൻ), എം. അബ്ദുൽ ഗഫൂർ, അഡ്വ. എ. ഹാരിസ് (വൈസ് ചെയർമാൻമാർ), എം.എം അബൂബക്കർ (സെക്രട്ടറി), വി.പി അഹമ്മദ്, ടി. സിദ്ദിഖ് (ജോയന്റ് സെക്രട്ടറിമാർ), പൂഴിത്തറ കോയ (ട്രഷറർ).

വേൾഡ് മലയാളി ഫെഡറേഷൻ ഓണാഘോഷം സംഘടിപ്പിച്ചു

കോഴിക്കോട്: വേൾഡ് മലയാളി ഫെഡറേഷൻ (ഡബ്ല്യൂ.എം.എഫ്) ജില്ലാ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഓണാഘോഷം ഈ ഓണം നമ്മുടെ ഓണം സംഘടിപ്പിച്ചു.

കവി പി.കെ. ഗോപി ഉദ്ഘാടനം ചെയ്തു.സമത്വത്തിന്റെ സമന്വയമാണ് ഓണമെന്ന് അദ്ദേഹം പറഞ്ഞു.ഡബ്ല്യൂ.എം.എഫ്. ജില്ല കൗൺസിൽ പ്രസിഡന്റ് സി.കെ.റാഹേൽ അധ്യക്ഷത വഹിച്ചു. ജീവ കാരുണ്യ പ്രവർത്തകൻ മഠത്തിൽ അസീസ്, ശാന്തി നികേതൻ ഡയറക്ടർ ഷാജു ഭായ്, മ്യൂസിക് ഡയറക്ടർ സുനിൽ ഭാസ്ക്കർ എന്നിവരെ ആദരിച്ചു.

കണ്ണൂർ സ്വദേശിയായ പ്രമോദ് ജെ.ഗോവിന്ദിന്റെ രാഗ സഞ്ചാരം ,സുനിൽ ഭാസ്ക്കറിന്റെ എക്കോർഡിയൻ പ്രകടനം, സുഷീൽ കുമാർ (കീബോർഡ്) എന്നിവ ഓണാഘോഷത്തിന് മാറ്റേകി.

ഡബ്ല്യൂ.എം.എഫ്. ഏഷ്യ റീജ്യൻ കൗൺസിൽ വൈസ് പ്രസിഡന്റ് സി.മനോജ്, ജില്ല കൗൺസിൽ സെക്രട്ടറി വി. ഷിജിന്ത് കുമാർ, സ്റ്റേറ്റ് പ്രവാസി വെൽഫെയർ കോർഡിനേറ്റർ എ.കെ. അബ്ദുൽ ഖാദർ എന്നിവർ പ്രസംഗിച്ചു. ഓണസദ്യയും ഒരുക്കിയിരുന്നു.

● വേൾഡ് മലയാളി ഫെഡറേഷൻ (ഡബ്ല്യൂ.എം.എഫ്) ജില്ലാ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഓണാഘോഷം ഈ ഓണം നമ്മുടെ ഓണം പരിപാടി കവി പി.കെ.ഗോപി ഉദ്ഘാടനം ചെയ്യുന്നു.

പട്ടി പുലിയുടേതെന്ന് സംശയിക്കുന്ന ജീവിയുടെ കാൽ അടയാളം കണ്ടെത്തി

കുറ്റ്യാടി: കാവിലുംപാറ പഞ്ചായത്തിലെ വണ്ണാത്തിയേറ്റ് ഭാഗത്ത് പട്ടി പുലിയുടേതെന്ന് തോന്നിക്കുന്ന ജീവിയുടെ കാൽ അടയാളം കണ്ടു. വണ്ണാത്തിയേറ്റിലെ ജോർജ്ജ് വേര നാലിന്റെ വീട്ട് മുറ്റത്താണ് ഇന്നലെ രാത്രിയിൽ ജീവിയുടെ കാൽ പാദം കണ്ടത്. തുടർന്ന് ഗ്രാമ പഞ്ചായത്ത് അംഗം സോജൻ ആലക്കലിന്റെ നേതൃത്വത്തിൽ പരിസരങ്ങളിൽ പരിശോധന നടത്തിയെങ്കിലും ജീവിയുടെ സാന്നിധ്യം കണ്ടെത്താനായില്ല. തുടർന്ന് വനം വകുപ്പ് അധികാരികളെ അറിയിക്കുകയായിരുന്നു.

പൈവറ്റ് സ്കൂൾ കലോത്സവം: സ്കൂൾതല മത്സരങ്ങൾക്ക് തുടക്കമായി

ഫറോഖ്: പ്രൈവറ്റ് അൺ എയ്ഡഡ് സ്കൂൾ ജില്ലാതല സാഹിത്യോത്സവത്തിന്റെ മുന്നോടിയായി, സ്കൂൾ തലത്തിലുള്ള മത്സരങ്ങൾക്ക് തുടക്കമായി. ഒളവണ്ണ സഫയർ സെൻട്രൽ സ്കൂളിൽ ആരംഭിച്ച കലോത്സവം കോഴിക്കോട് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.കെ നവാസ് ഉദ്ഘാടനം ചെയ്തു.

പ്രൈവറ്റ് സ്കൂൾ അസോസിയേഷൻ പ്രസിഡന്റും സ്കൂൾ മാനേജറുമായ നിസാർ ഒളവണ്ണ അധ്യക്ഷത വഹിച്ചു. അഞ്ഞൂറോളം കുട്ടികൾ വിവിധ ഇനങ്ങളിൽ മാറ്റുരക്കുന്നുണ്ട്. സ്കൂൾ തല മത്സരത്തിൽ മികച്ച വിജയം നേടിയവരാണ് ജില്ലാ തല സാഹിത്യോത്സവത്തിൽ പങ്കെടുക്കുക. സ്കൂൾ പ്രിൻസിപ്പൽ പി. സിന്ധു, കോ ഓർഡിനേറ്റർ നോയൽ ആന്റണി ജോൺ, പി.ടി.എ. പ്രസിഡന്റ് എം.പി മുസ്തഫ, സിനി ഷബി എന്നിവർ പ്രസംഗിച്ചു.

● സഫയർ സെൻട്രൽ സ്കൂളിൽ ആരംഭിച്ച സാഹിത്യോത്സവം കോഴിക്കോട് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ കെ നവാസ് ഉദ്ഘാടനം ചെയ്യുന്നു.

ഓണ വിപണന മേള സംഘടിപ്പിച്ചു

കൈവേലി: കുന്നുമ്മൽ ബ്ലോക്ക് എംപ്ലോയീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ഓണ വിപണമേള സംഘടിപ്പിച്ചു. നരിപ്പറ്റ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സജ്ന മണ്യൂർ വിതരണോദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് മെമ്പർ ഒ.പി അനിൽ, ടി.വി സുജിത് അനൂപ് കാരപറ്റ, സി.വി അജയൻ തുടങ്ങിയവർ പങ്കെടുത്തു.

● വാണിമേലിൽ കുടുംബശ്രീ ഓണച്ചന്ത ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ടി. പ്രദീപ്കുമാർ ഉദ്ഘാടനം ചെയ്യുന്നു.

കുടുംബശ്രീ ഓണച്ചന്തയ്ക്ക് തുടക്കമായി

വാണിമേൽ: വാണിമേൽ ഗ്രാമ പഞ്ചായത്ത് കുടുംബശ്രീ ഓണചന്തയ്ക്ക് തുടക്കമായി. കുടുംബശ്രീ ജില്ലാ മിഷൻ, പഞ്ചായത്ത് സി.ഡി.എസ്. നേതൃത്വത്തിൽ ഭൂമിവാതുക്കൽ അങ്ങാടിയിൽ ആരംഭിച്ച വിപണനമേള ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ടി. പ്രദീപ്കുമാർ ഉദ്ഘാടനം ചെയ്തു. ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ. കെ മുർഷിന അധ്യക്ഷയായി. വികസന കാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ കെ.പി രാജീവൻ, മെമ്പർമാരായ ടി.കെ വിജീഷ്, അഷ്റഫ് കൊറ്റാല, പി.ബി സൗമ്യ, പി.പി സൗധ, അമയശങ്കർ എന്നിവർ സംസാരിച്ചു. സി.ഡി.എസ്. ചെയർപേഴ്സൺ സി. ഓമന സ്വാഗതവും എൻ.പി റിജിന നന്ദിയും പറഞ്ഞു.

സ്റ്റുഡന്റ്സ് പോലീസ് ത്രിദിന പരിശീലനം തുടങ്ങി

വടകര: റൂറൽ ജില്ലാ സ്റ്റുഡന്റ്സ് പോലീസ് ഡ്രിൽ ഇൻസ്ട്രക്ടർമാർക്കായി സംഘടിപ്പിച്ച ത്രിദിന പരിശീലന പരിപാടി ജില്ലാ പോലീസ് മേധാവി മെറിൻ ജോസഫ് ഉദ്ഘാടനം ചെയ്തു. ജില്ലാ നോഡൽ ഓഫീസർ പ്രദീപ് കുമാർ അധ്യക്ഷത വഹിച്ചു. എസ്.പി.സി ലക്ഷ്യവും മാർഗവും, കൗമാരകാലം ശ്രദ്ധയും കരുതലും തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധർ